കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് - 2003-04 വർഷത്തിൽ പ്രോജക്ട് എസ്.ഓ.18/04 നടപ്പിലാക്കിയത് - ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.1867/12/തസ്വഭവ. തിരുവനന്തപുരം, തീയതി:05.07.2012

---

പരാമർശം: 1. ഗ്രാമവികസന കമ്മീഷണറുടെ 15.2.12-ലെ 19615/ഡി.പി3/11/ഗ്രാ.വി.ക നമ്പർ കത്ത്.
2. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 10.5.12-ലെ എൽ.എഫ്.പി.റ്റി3/5147/2012 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് 2003-04 വർഷത്തിൽ കുടുംബശ്രീ/വനിതാ സ്വയം സഹായ സംഘങ്ങൾക്ക് മൈക്രോ സംരംഭങ്ങളോ ചെറുകിടസംരംഭങ്ങളോ തുടങ്ങുന്നതിന് വേണ്ടി 10,000/- രൂപ വീതം സബ്സിഡി അനുവദിക്കുക എന്ന ലക്ഷ്യത്തോടെ പ്രോജക്ട് എസ്.ഓ 18/04 മൈക്രോ സംരംഭം എന്നൊരു പദ്ധതി നടപ്പിലാക്കിയിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 50 യൂണിറ്റുകൾക്ക് പകരം 53 യൂണിറ്റുകൾക്ക് 10,000/- രൂപ വീതം 5,30,000/- രൂപ 2003-04 വർഷത്തിൽ ചെലവഴിച്ചിരുന്നു. അധികമായി പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച 30,000/- രൂപ 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സപ്പെടുത്തുകയും സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഗ്രാമവികസന കമ്മീഷണർ മുഖേന സാധൂകരണത്തിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

ഈ വിഷയത്തിൻമേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം സർക്കാർ തേടുകയുണ്ടായി. പരാമർശ വിധേയമായ പഞ്ചായത്ത് നടപടിയിൽ സാമ്പത്തിക ക്രമക്കേടുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്നും ഓഡിറ്റ് ഖണ്ഡികയിൽത്തന്നെ സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി തടസ്സം തീർപ്പാക്കേണ്ടതാണ് എന്നും പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ 2003-04 വർഷത്തിൽ എസ്.ഓ 18/04 പ്രോജക്ട് പ്രകാരം കുടുംബശ്രീ/വനിതാ സ്വയം സഹായ സംഘങ്ങൾക്ക് തുക അനുവദിച്ചതിൽ 50 യൂണിറ്റുകൾക്ക് പകരം 53 യൂണിറ്റുകളായതും അതുവഴി 30,000/- രൂപ അധികമായി പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചതുമായ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്,
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.